രാമവമ്മ തമ്പുരാൻ.—മിസ്റ്റർ കെ. പി. വള്ളോൻ ചോദിച്ച മീനം ചോ -ാംനു- ദിവാൻജിക്ക് അയച്ച ഹർജിയിൽ താഴെ പറയുംപ്രകാരം അപേക്ഷിച്ചിരിക്കുന്നു.

"പുതുതായി ഒരു ഇൻസ്പെക്ടരുടെ നിയമനം ടി ഡിപ്പാർട്ടുമെണ്ടിൽ നടക്കുവാൻ ഇടയുണ്ടെന്നു് അറിയുന്നതു പരമാർത്ഥമെങ്കിൽ ശമ്പളത്തിനവേണ്ടി ഒരാളെ നിയമിക്കുന്നതിലും ഉത്തമം ഒരു അലവൻസ് തരുന്നപക്ഷം ഞാൻതന്നെ നടത്തുന്നതാണം്. ഈ കാര്യം ആലോചിച്ചു ചെയ്യുവാൻ അപേക്ഷിച്ചുകൊള്ളുന്നു."

Warden—Nettur Ullada Colony.

265. മിസ്റ്റർ കെ. പി. വള്ളോൻ.—നെട്ടർ ഉള്ളാടകോളനിയിലെ വാർഡൻ ഏതുസമുദായത്തിൽപെട്ടതാണ";

(ഖ) അദ്ദേഹം ഒരു അംഗഹീനനാണെന്നുള്ള വാർത്ത ശരിയാണോ?

രാമവമ്മതമ്പുരാൻ.—തീയ്യ സമുദായത്തിൽപെട്ട ആളാണ്.

(ഘ) ടിയാന്റെ ഇടത്തെ കൈപ്പടം വെടിക്കെട്ടുകൊണ്ടു മുറിച്ചുകളഞ്ഞിട്ടുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—കയ്യുള്ള ആളുകൾ ഈ സ്റ്റേറ്റിൽ ഇല്ലാഞ്ഞിട്ടാണോ കയ്യില്ലാത്ത ആളെ വാർഡനായിട്ടു് നിയമിച്ചിരിക്കുന്നതു്?

രാമവമ്മതമ്പുരാൻ.—അതിനെപ്പറ്റി എൻക്വയറി നടത്തിവരുന്നുണ്ടു്.

മിസ്റ്റർ എ. ശങ്കരപുത്തുവാൾ.—വെടിക്കെട്ടുകൊണ്ടു ഇടത്തുകൈ മുറിച്ചുകളഞ്ഞിട്ടുണ്ടെന്നു പറയുന്നു. ഇടത്തുകൈ പോയ ആൾക്കു വാർഡനാകുന്നതിനു എന്താണു് വിരോധം?

രാമവമ്മതമ്പുരാൻ.—അതിനെ സംബന്ധിച്ചുള്ള ഡീറെയിൽഡു് ഇൻഫർമേഷൻ ആവശ്യപ്പെട്ടിട്ടുണ്ടു്. മറുപടി കണ്ടു പറയാം.

Contractor—well—Malayatur Pulaya Colony.

266. മിസ്റ്റർ കെ. പി. വള്ളോൻ.—(ക) മലയാറ്റൂർ പുലയാകോളനിയിൽ കിണർ കഴിപ്പിച്ച ആൾക്കു് സംഖ്യകൊടുത്തിട്ടില്ലെന്നുള്ള ആവലാതിക്കുള്ള കാരണമെന്തു്;

(ഖ) ഈ ആവലാതിയെപ്പറ്റി വല്ല അന്വേഷണവും നടത്തീട്ടുണ്ടോ; ഉണ്ടെങ്കിൽ ആർ;

(ഗ) ടി ഹർജിക്കാരൻ ഏതു സമുദായത്തിൽ പെട്ടതാണു്?

രാമവമ്മ തമ്പുരാൻ.—(ക) കരാറുപ്രകാരം ഹർജിക്കാരൻ ചെയ്ത പണിക്കൂലിക്കു കൊടുക്കേണ്ടതായ സംഖ്യയെല്ലാം കൊടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly